Mathrubhumi 13-02-19, p-6

# തെങ്ങോലപ്പുഴുവിനെ തുരത്താം

എം.എ. സുധീർ ബാബു



തെങ്ങിന്റെ ഓല നശിപ്പിച്ച് പച്ചപ്പില്ലാതാക്കി ഉത്പാദനശേഷി മുരടിപ്പിക്കുന്ന വില്ലൻ കീടമാണ് തെങ്ങോലപ്പുഴുക്കൾ. ഇവയെ കരിന്തലയൻപുഴു എന്നും വിളിക്കും. ചാരംകലർന്ന പച്ചനിറത്തിലുള്ള ശരീരവും കറുത്തനിറമുള്ള തലയുമുള്ള പുഴുക്കളുടെ ശല്യം കൊടിയ വേനലിൽ കൂടും. ഡിസംബർ മുതൽ മേയ് വരെ ശല്യം രൂക്ഷമാണ്. ഓലയുടെ അടിവശം കാർന്നുതിന്നുന്ന ഇവയെ തുടക്കത്തിൽ കാണാനും പ്രയാസമാണ്. തെങ്ങിൻതോട്ടം വൃത്തിയായി സൂക്ഷിച്ചാൽ കീടശല്യം വരില്ല. തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതും തോട്ടത്തിൽ വിളാവശിഷ്ടങ്ങൾ തീയിട്ട് പുകയ്ക്കുന്നതും നല്ലതാണ്.

ഓലതീനിയുടെ ആക്രമണം രൂക്ഷമായ തെങ്ങോലകൾ വെട്ടിനീക്കി തീയിടണം. വേനലാരംഭത്തിൽതന്നെ തോട്ടം വൃത്തിയാക്കണം. സ്ഥിരമായി തെങ്ങോലകളിൽ ശ്രദ്ധിക്കണം. തെങ്ങോലപ്പുഴുവിനെ നിയന്ത്രിക്കാൻ ജൈവികമാർഗങ്ങളാണ് ഏറ്റവും ഉചിതം. എന്നാൽ, ചില രാസനിയന്ത്രണങ്ങളും ആവശ്യമായിവരും.കൃഷിഭവനിലെ ഓഫീസറുടെ മാർഗനിർദേശങ്ങൾ ലഭിച്ചശേഷം മാത്രം രാസവസ്തുക്കൾ തളിക്കുക. എതിർപ്രാണികളെ ഉപയോഗിച്ചുള്ള നിയന്ത്രണം ഏറെ ഗുണംചെയ്യും. പുഴുശല്യമുള്ള തോട്ടങ്ങളിൽ ഗോണിയോസസ്, നെഫാൻറ്റിഡിസ്, ബ്രെവികോർണിസ്, ഇലാസ്മസ്നെഫാൻറ്റിഡിസ്, ബ്രാക്കി മേറിയ നൊസട്ടോയ് എന്നീ എതിർപ്രാണികളെ ഉപയോഗിച്ച് പുഴുശല്യം നിയന്ത്രിക്കാം.